# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഒക്ടോബർ 26**

---

## കൂടുതൽ ഓൺലൈൻ പ്രോഗ്രാമുകളുമായി എം.ജി സർവകലാശാല; ബികോം(ഓണേഴ്സ്), എംഎ ഇംഗ്ലീഷ് പ്രവേശനം തുടങ്ങി

*റഗുലർ ബിരുദാനന്തര ബിരുദത്തിന് തുല്യമായ എംകോമിനും എംബിഎയ്ക്കും ഏറെ സ്വീകാര്യത ലഭിച്ചതിനു പിന്നാലെ മഹാത്മാ ഗാന്ധി സർവകലാശാല കൂടുതൽ ഓൺലൈൻ പ്രോഗ്രാമുകൾ ആരംഭിക്കുന്നു. സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എജ്യുക്കേഷൻ(സിഡിഒഇ) ബികോം(ഓണേഴ്സ്), എം.എ ഇംഗ്ലീഷ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ പ്രോഗ്രാമുകളിൽ അഡ്മിഷൻ ആരംഭിച്ചതായി വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. സർവകലാശാലാ വെബ്സൈറ്റിലെ അഡ്മിഷൻ പോർട്ടൽ വഴി നവംബർ 15 വരെ അപേക്ഷിക്കാം*

*സിഡിഒഇക്ക് നിലവിൽ 13 ഓൺലൈൻ പ്രോഗ്രാമുകൾ നടത്തുന്നതിനാണ് യുജിസിയുടെ അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ പത്ത് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളും മൂന്നു ബിരുദ പ്രോഗ്രാമുകളും ഉൾപ്പെടുന്നു. കേരളത്തിലെ സ്റ്റേറ്റ് സർവകലാശാലകളിൽ എം.ജി സർവകലാശാലയ്ക്കു മാത്രമാണ് ഓൺലൈൻ പ്രോഗ്രാമുകൾ നടത്തുന്നതിന് യുജിസി അനുമതിയുള്ളത്. എം.കോം 2022ലും എംബിഎ 2023ലുമാണ് തുടങ്ങിയത്.*

*അനുമതി ലഭിച്ചിട്ടുള്ള മറ്റു പ്രോഗ്രാമുകളും വൈകാതെ ആരംഭിക്കും. യു.ജി.സി നിഷ്കർഷിക്കുന്ന യോഗ്യതയുള്ള അധ്യാപകരാണ് ഓൺലൈൻ പ്രോഗ്രാമുകളിൽ ക്ലാസെടുക്കുന്നത്. രാജ്യത്തെ മറ്റ് സർവകലാശാലകളുമായി താരതമ്യം ചെയ്യുമ്പോൾ മിതമായ ഫീസ് നിരക്കിൽ പഠനം നടത്താനും എം.ജി സർവകലാശാല അവസരമൊരുക്കുന്നു.*

*സംസ്ഥാനത്ത് ഈ അക്കാദമിക് വർഷം നാലു വർഷ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ചതിനെത്തുടർന്നാണ് ഓൺലൈൻ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾ നടത്തുന്നതിന് അനുമതിക്കായി സർവകലാശാല യു.ജി.സി ഡിസ്റ്റൻസ് എജ്യുക്കേഷൻ ബ്യൂറോയ്ക്ക് അപേക്ഷ നൽകിയത്. ഈ വർഷം തന്നെ അനുമതി ലഭിച്ചത് വലിയ നേട്ടമാണെന്ന് വൈസ് ചാൻസലർ പറഞ്ഞു. റഗുലർ ഓണേഴ്സ് ബിരുദത്തിന് തുല്യമായ ഈ പ്രോഗ്രാമുകൾക്കും സംസ്ഥാനത്ത് എം.ജി സർവകലാശാലയ്ക്കു മാത്രമാണ് അനുമതിയുള്ളത്. നാലു വർഷത്തെ പ്രോഗ്രാമിൽ ആവശ്യമായ ക്രെഡിറ്റോടെ മൂന്നു വർഷം പൂർത്തീകരിക്കുന്നവർക്ക് ബിരുദം നേടാൻ കഴിയുന്ന രീതിയിലാണ് ക്രമീകരണം. ലോകത്തിൽ എവിടെ നിന്നും പ്രോഗ്രാമിൽ ചേർന്നു പഠിക്കാനാകും.*

*സർവകലാശാലയിലെ ഗ്രാജ്വേറ്റ് സ്കൂളിലെയും അഫിലിയേറ്റഡ് കോളജുകളിലെയും ആദ്യ വർഷ ബിരുദ വിദ്യാർഥികൾക്കായി ഓൺലൈൻ എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകൾക്കും സിഡിഒഇ തുടക്കം കുറിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ജർമൻ, ഫ്രഞ്ച്, തമിഴ് ഭാഷാ കോഴ്സുകളാണ് നടത്തുന്നത്.*

*ലൈവ് ഇൻററാക്ടീവ് സെഷനുകൾ, റെക്കോർഡഡ് വീഡിയോ ക്ലാസുകൾ, ലളിതമായ ഇ-ലേണിംഗ് മെറ്റീരിയലുകൾ എന്നിവ ഉൾപ്പെടുത്തി മികച്ച നിലവാരത്തിലാണ് എഇസി പ്രോഗ്രാമുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. അടുത്ത ഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലെയും വിദ്യാർഥികൾക്ക് എബിലിറ്റി എൻഹാൻസ്മെന്റ്, സ്കിൽ എൻഹാൻസ്മെന്റ്, വാല്യു അഡിഷൻ, മൈനർ കോഴ്സുകൾ ഓൺലൈനിൽ ലഭ്യമാക്കാൻ സിഡിഒഇ ലക്ഷ്യമിടുന്നു.*

*ഉന്നത നിലവാരത്തിലുള്ള അധ്യയന സംവിധാനത്തിനൊപ്പം ടാറ്റാ കൺസൾട്ടൻസി വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനത്തിന്റെ പിന്തുണയോടെ മികച്ച സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സിസ്റ്റവും സർവകലാശാലയിൽ സജ്ജീകരിച്ചിട്ടുണ്ട്. ജോലിക്കൊപ്പംതന്നെ പഠനത്തിനും അവസരമൊരുക്കുന്ന കോഴ്സുകളിൽ നിലവിൽ മറ്റു കോഴ്സുകളിൽ പഠിക്കുന്നവർക്കും ചേരാനാകും. നൂതന സാങ്കേതിക വിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഓൺലൈൻ പഠനം സുഗമമാക്കുന്നതുവഴി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാലോചിതവും മാതൃകാപരവുമായ ഒരു മാറ്റമാണ് സർവകലാശാല സൃഷ്ടിക്കുന്നതെന്ന് ഡോ. അരവിന്ദകുമാർ പറഞ്ഞു.*

*ഓൺലൈൻ പ്രോഗ്രാമുകളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ* https://cdoeadmission.mgu.ac.in *എന്ന വെബ്സൈറ്റിൽ. ഇമെയിൽ-* mguonline@mgu.ac.in. *ഫോൺ-8547992325, 8547010451, 8547852326, 0481-2733293, 0481-2733405. സർവകലാശാലാ സിൻഡിക്കേറ്റ് അംഗം ഡോ. ജോജി അലക്സ്, സിഡിഒഇ ഡയറക്ടർ ഡോ. പി.പി. നൗഷാദ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.*
*(പി.ആർ.ഒ/39/963/2024)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*മൂന്നാം സെമസ്റ്റർ സിബിസിഎസ്എസ് (പുതിയ സ്കീം 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ മെഴ്സി ചാൻസ്) മൂന്നാം സെമസ്റ്റർ സിബിസിഎസ്എസ് സൈബർ ഫോറൻസിക്ക് (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷകൾക്ക് ഒക്ടോബർ 29 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 30 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ നാല് വരെയും അപേക്ഷ സ്വീകരിക്കും.*
*(പി.ആർ.ഒ/39/964/2024)*

## പരീക്ഷാ ഫലം

*മൂന്നും നാലും സെമസ്റ്റർ എംഎസ്സി മാത്തമാറ്റിക്സ് (സിഎസ്എസ്) പ്രൈവറ്റ് രജിസ്ട്രേഷൻ (2022 അഡ്മിഷന് റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 11 വരെ അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/965/2024)*

## പരീക്ഷാ തീയതി

*മൂന്നാം സെമസ്റ്റർ സിബിസിഎസ്എസ് (പുതിയ സ്കീം 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ മെഴ്സി ചാൻസ്) മൂന്നാം സെമസ്റ്റർ സിബിസിഎസ്എസ് സൈബർ ഫോറൻസിക്ക് (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷ നവംബർ 19 മുതൽ നടക്കും.*

………………..

*മൂന്നാം സെമസ്റ്റർ ബിഎ, ബികോം (സിബിസിഎസ്എസ് 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ മെഴ്സി ചാൻസ് പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷ നവംബർ 19 ന് ആരംഭിക്കും.*

……………………………..

*ആഞ്ചാം സെമസ്റ്റർ ബിഎ,ബികോം (സിബിസിഎസ്എസ് 2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ മെഴ്സി ചാൻസ് പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷ നവംബർ 18 മുതൽ നടക്കും.*

…………………………

*അഞ്ചാം സെമസ്റ്റർ ബിവോക്ക് (2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് പുതിയ സ്കീം) പരീക്ഷ നവംബർ 11ന് ആരംഭിക്കും.*

…………………………..

*രണ്ടാം സെമസ്റ്റർ ഐഎംസിഎ (2017 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) രണ്ടാം സെമസ്റ്റർ ഡിഡിഎംസിഎ (2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷ നവംബർ 14 മുതൽ നടക്കും.*

*(പി.ആർ.ഒ/39/965/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**